(സി) 2003 ഡിസംബറിൽ മാറി പ്രവർത്തനം ആരംഭിക്കാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്.

അംബേദ്കർ ഭവന്റെ ഉദ്ദേശലക്ഷ്യങ്ങൾ

158 (1050) ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിലെ മണ്ണന്തലയിൽ സ്ഥാപിക്കുന്ന അംബേദ്കർ ഭവന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സ്ഥാപനത്തിന്റെ ഭരണസമിതിയുടെ ഘടന വ്യക്തമാക്കുമോ ;

(സി) ഈ സ്ഥാപനം എത്ര മാസത്തിനുള്ളിൽ പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ ;

(ഡി) സാമൂഹ്യപരിഷ്കർത്താവായ അയ്യങ്കാളിയുടെ സ്മരണയ്ക്കായി ഈ സ്ഥാപനത്തിൽ ഒരു കോൺഫറൻസ്ഹാൾ, പരിശീലന കേന്ദ്രം, ലൈബ്രറി എന്നിവ ആരംഭിക്കുമോ ?

ഉത്തരം

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി മണ്ണന്തലയിൽ 'ഡോ. അംബേദ്കർ ഭവൻ' എന്ന പേരിൽ ഒരു സമുച്ചയം നിർമ്മിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. വിശാലമായ ആഡിറ്റോറിയം, ദേശീയനിലവാരമുള്ള ലൈബ്രറി, ദളിത് മ്യൂസിയം, ആർട്ട്ഗാലറി, സിവിൽ സർവ്വീസ് എക്സാമിനേഷൻ കോച്ചിംഗ് സെന്റർ, പട്ടിക വിഭാഗത്തിലെ ഉദ്യോഗസ്ഥരുടെ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനകേന്ദ്രം എന്നിവ ഈ കേന്ദ്രത്തിൽ തുടങ്ങാൻ ഉദ്ദേശിക്കുന്നു.

(ബി) ഭരണസമിതിയുടെ ഘടന ഇതുവരെ തീരുമാനിച്ചിട്ടില്ല.

(സി) ഈ സ്ഥാപനത്തിന് സ്ഥലം ലഭ്യമാകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. സ്ഥലം ലഭ്യമായാൽ ഉടൻതന്നെ പ്രവർത്തനം തുടങ്ങുന്നതിനുവേണ്ടി കെട്ടിടനിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ഡി) അംബേദ്കർ ഭവനത്തിൽ ആരംഭിക്കുന്ന കോൺഫറൻസ് ഹാൾ, പരിശീലനകേന്ദ്രം, ലൈബ്രറി എന്നിവയുടെ നാമകരണം സംബന്ധിച്ച് തീരുമാനമായിട്ടില്ല.

നമ്പറിംഗ് മെഷീൻ വാങ്ങിയതിലെ ക്രമക്കേടുകളെക്കുറിച്ചുള്ള അന്വേഷണം

159 (1051) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000-ൽ നടന്ന ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ബാലറ്റ് പേപ്പർ അച്ചടിക്കുന്നതിനായി 7 ഡിജിറ്റുകളുള്ള നമ്പറിംഗ് മെഷീൻ വാങ്ങിയത് സംബന്ധിച്ച ധനകാര്യ (ഇൻസ്പെക്ഷൻ വിഭാഗം) അന്വേഷണം നടത്തിയിരുന്നുവോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ പ്രസ്തുത വകുപ്പിന്റെ പരിശോധനയിൽ എന്തൊക്കെ ക്രമക്കേടുകൾ ഈ മെഷീൻ വാങ്ങുന്നത് സംബന്ധിച്ച് കണ്ടെത്തിയിട്ടുണ്ട് ;

(സി) ഈ റിപ്പോർട്ട് അനുസരിച്ച് എന്തൊക്കെ നടപടികളാണ് സർക്കാർ കൈക്കൊള്ളുന്നത് ?

ഉത്തരം

(എ) നടത്തിയിരുന്നു.

(ബി) 2000-ലെ പഞ്ചായത്ത് തെരഞ്ഞെടുപ്പ് ആവശ്യവുമായി ബന്ധപ്പെട്ട് 7 ഡിജിറ്റ് നമ്പറിംഗ് മെഷീൻ വാങ്ങിയത് ആവശ്യാനുസൃതമല്ല എന്നാണ് റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത്.

(സി) ഇക്കാര്യം സർക്കാർ വിശദമായി പരിശോധിക്കുകയും, 7 ഡിജിറ്റ് നമ്പറിംഗ് മെഷീനുകൾ വാങ്ങിയത് അച്ചടി വകുപ്പിൽ വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനാലും, ഭാവിയിൽ ഉപയോഗപ്പെടുമെന്നതിനാലും മേൽ നടപടി ആവശ്യമുള്ള ക്രമക്കേടില്ല എന്ന് ധനകാര്യവകുപ്പിനെ അറിയിച്ചിട്ടുണ്ട്.

അച്ചടിവകുപ്പിലെ ജീവനക്കാർക്ക് സർക്കാർ ചെലവിൽ ഡി. ടി. പി. ട്രെയിനിംഗ്

160 (1052) ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അച്ചടി വകുപ്പിലെ ജീവനക്കാർക്ക് സർക്കാർ ചെലവിൽ ഡി. ടി. പി. ട്രെയിനിംഗ് നൽകുന്നുണ്ടോ ;

(ബി) 2003 ഏപ്രിൽ മാസത്തിൽ എത്രപേരെ കെൽട്രോണിൽ ട്രെയിനിംഗിന് അയച്ചു ; ഇവരുടെ പേരുവിവരം, ജനനത്തീയതി, ശേഷിക്കുന്ന സർവ്വീസ് എന്നിവ സംബന്ധിച്ച പട്ടിക ലഭ്യമാക്കാമോ, ട്രെയിനിംഗ് കാലയളവിൽ ഒരാളിന് വേണ്ടി എത്ര തുകയാണ് ചെലവഴിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ട്രെയിനിംഗിന് അയയ്ക്കപ്പെടുന്ന ആളുകളുടെ യോഗ്യതയേയും പ്രായപരിധിയെയും സംബന്ധിച്ച് അംഗീകൃത ട്രേഡ് യൂണിയനുകളുമായി ഡിപ്പാർട്ട്മെന്റ് ചർച്ച നടത്തി എന്തെങ്കിലും കരാർ ഉണ്ടാക്കിയിട്ടുണ്ടോ ;

(ഡി) എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഇ) ട്രെയിനിംഗിന് അയയ്ക്കപ്പെടുന്നവർക്ക് കുറഞ്ഞത് ഏഴു വർഷമെങ്കിലും സർവ്വീസ് അവശേഷിച്ചിരിക്കണമെന്ന നിബന്ധന നിലവിലുണ്ടോ ; ഇതിന് വിരുദ്ധമായി ഏഴ് വർഷത്തിൽ കുറഞ്ഞ സർവ്വീസുള്ള ആരെയെങ്കിലും ട്രെയിനിംഗിന് അയച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly